# പൂർവ്വഭാരത യാത്ര

## കൽക്കത്ത പാക്കേജ് 201..

**ഭുവനേശ്വർ - കൊണാർക്ക് - പുരി - ചിൽക്ക ലേക്ക് - കൊൽക്കത്ത - ബേലൂർ മഠം - ദക്ഷിണേശ്വർ - കാളിഘട്ട്**

| യാത്രയുടെ കോഡ് നമ്പർ | യാത്രയ്ക്ക് ആവശ്യമായ ദിവസം | യാത്ര പുറപ്പെടുന്ന തീയ്യതികൾ | യാത്രയുടെ രീതി: |
|---|---|---|---|
| 9 EI A | 10 ദിവസം | | ശീതികരിച്ച വാഹനങ്ങൾ |

| | | താമസം | ഭക്ഷണം |
|---|---|---|---|
| 1-ാംദിവസം: | ശനിയാഴ്ച: കേരളത്തിൽ നിന്നും ട്രെയിൻ നമ്പർ 22641ഷാലിമാർ എക്സ്പ്രസിൽ ഭുവനേശ്വറിലേക്ക് യാത്ര. | ട്രെയിനിൽ | NIL |
| 2-ാംദിവസം: | ട്രെയിനിൽ യാത്ര തുടരുന്നു. | ട്രെയിനിൽ | NIL |
| 3-ാംദിവസം: | കാലത്ത് ഭുവനേശ്വറിലെത്തി റെയിൽവേസ്റ്റേഷനിൽ നിന്നോ എയർപോർട്ടിൽ നിന്നോ താമസ സ്ഥലത്തേക്ക് കൂട്ടികൊണ്ടുപോയി ഹോട്ടലിൽ എത്തി പ്രഭാതകർമ്മങ്ങൾ നിർവ്വഹിച്ച് ഭുവനേശ്വറിലെ കാഴ്ചകൾ കാണുന്നു കാഴ്ചകൾ: ലിംഗരാജ ക്ഷേത്രം, കേദാർ ഗൗരിക്ഷേത്രം, നന്ദൻ കാനൻ നാഷണൽ പാർക്ക്, ഉദയഗിരി, ഡൗളഗിരി, എന്നിവ ദർശിച്ച് രാത്രിയിൽ ഭുനേശ്വറിൽ ഹോട്ടലിൽ താമസം. | ഭുവനേശ്വർ | D |
| 4-ാംദിവസം: | കാലത്ത് കൊണാർക്കിലേക്ക് യാത്ര. കൊണാർക്ക് സൂര്യക്ഷേത്രം ദർശിച്ചതിനു ശേഷം പുരിയിലേക്ക് യാത്ര. പുരിയിൽ സമുദ്ര തീരം സന്ദർശിച്ച് രാത്രി പുരിയിൽ ഹോട്ടലിൽ താമസം. | പുരി | BLD |
| 5-ാംദിവസം: | പുരിയിലെ കാഴ്ചകൾ: പുരി ജഗന്നാഥ ക്ഷേത്രം, ശങ്കരാചാര്യ മഠം, എന്നിവ ദർശിച്ച് ചിൽക്ക തടാകത്തിലേക്ക് യാത്ര. ചിൽക്ക തടാകത്തിൽ ഡോൾഫിനുകളെ കാണുന്നതിനായി ബോട്ട് യാത്ര. ബോട്ട് യാത്ര കഴിഞ്ഞ് രാത്രിയിൽ ഭുവനേശ്വറിലെത്തി ഹോട്ടലിൽ താമസം. | ഭുവനേശ്വർ | BLD |

| | | | |
|---|---|---|---|
| 6-ാംദിവസം: | കാലത്ത് 5 മണിക്ക് ഭുനേശ്വർ റെയിൽവേസ്റ്റേഷനിൽ നിന്നും 12074 ജനശതാബ്ദി എക്സ്പ്രസിൽ എ.സി ചെയർകാറിൽ കൽക്കത്തയിലേക്ക് യാത്ര. 12.40 പി.എം കൽക്കത്ത ഹൗറാ റെയിൽവേ സ്റ്റേഷനിൽ എത്തി ബേലൂർമഠം, ദക്ഷിണേശ്വരം, ജൈന ക്ഷേത്രം മദർ തെരേസയുടെ ആശ്രമം എന്നിവ ദർശിച്ച് രാത്രി കൊൽക്കത്തയിൽ ഹോട്ടലിൽ താമസം. | കൊൽക്കത്ത | BLD |
| 7-ാംദിവസം: | കാലത്ത് ഇന്ത്യൻ മ്യൂസിയം, ബിർല നക്ഷത്ര ബംഗ്ലാവ്, കാളിഘട്ട് , ഭൂഗർഭ റെയിൽവേ , ദൽഹൗസി സ്ക്വയർ,ഹൗറ തൂക്കുപാലം, റൈറ്റേഴ്സ് ബിൽഡിംഗ്, സ്റ്റേഡിയം ,കുതിര സവാരി കേന്ദ്രം, ഏദൻ ഗാർഡൻ(ക്രിക്കറ്റ് സ്റ്റേഡിയം) എന്നിവയിൽ ചിലത് യാത്രാ സമയത്ത് വാഹനത്തിലിരുന്നും പ്രധാനപ്പെട്ടത് ഇറങ്ങി നേരിൽക്കണ്ടും രാത്രിയിൽ കൊൽക്കത്തയിൽ താമസം. | കൊൽക്കത്ത | BLD |
| 8-ാംദിവസം: | ബോട്ടാണിക്കൽ ഗാർഡൻ, വിക്ടോറിയ മെമ്മോറിയൽ, സെന്റ്. ജോർജ്ജ് ചർച്ച്, ടൗൺ ഹാൾ, സയൻസ് സിറ്റി, ഹെറിറ്റേജ് പാർക്ക് എന്നിവ ദർശിച്ച് രാത്രിയിൽ ഹൗറാ റെയിൽവേ സ്റ്റേഷനിൽ നിന്നും 12508 ഗോഹട്ടി തിരുവനന്തപുരം എക്സ്പ്രസിൽ കേരളത്തിലേക്ക് മടക്കയാത്ര. | ട്രെയിനിൽ | BL |
| 9-ാംദിവസം: | ട്രെയിനിൽ യാത്ര തുടരുന്നു... | ട്രെയിനിൽ | NIL |
| 10-ാം ദിവസം: | കേരളത്തിൽ തിരിച്ചെത്തുന്നു. | NIL | NIL |

*B: പ്രഭാത ഭക്ഷണം., L: ഉച്ച ഭക്ഷണം. D: രാത്രി ഭക്ഷണം.

**ഓപ്ഷൻ നമ്പർ 1: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 16000/-**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ശീതീകരിച്ച മുറിയിൽ ടോയ്‌ലറ്റ് സൗകര്യത്തോടു കൂടിയ താമസ സൗകര്യം 2 പേർക്ക് 1 മുറി എന്ന തോതിൽ. വെജിറ്റേറിയൻ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ,. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ഓപ്ഷൻ നമ്പർ 2: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 13000/-**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ,ശീതീകരിക്കാത്ത മുറിയിൽ ടോയ്‌ലറ്റ് സൗകര്യത്തോടു കൂടിയ താമസ സൗകര്യം. വെജിറ്റേറിയൻ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

## ഓപ്ഷൻ നമ്പർ 3: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 11000/-

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ,ശീതീകരിക്കാത്ത ഡോർമെറ്ററി ഹാൾ താമസ സൗകര്യം. വെജിറ്റേറിയൻ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ,. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ബുക്കിംഗ്:** യാത്രാ നിരക്കിന്റെ 25 % തുക മുൻകൂറായി അടച്ച് യാത്ര മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. ബാക്കി തുക യാത്ര പുറപ്പെടുന്നതിന് 15 ദിവസം മുമ്പ് അടച്ച് രസീതി വാങ്ങേണ്ടതാണ്. റെയിൽവേ ടിക്കറ്റുകൾ യാത്ര പുറപ്പെടുന്നതിന് 120 ദിവസം മുമ്പ് ബുക്ക് ചെയ്താലേ ലഭ്യമാകുകയുള്ളു. 6 മാസം മുമ്പ് ബുക്ക് ചെയ്യുന്ന വിമാന ടിക്കറ്റുകൾ നിരക്ക് കുറവായി ലഭ്യമാകുന്നതായിരിക്കും.

**യാത്ര റദ്ദാക്കൽ:** യാത്ര തുടങ്ങുന്നതിന് 30 ദിവസം മുമ്പുള്ള റദ്ദാക്കലിന് അഡ്വാൻസ് തുകയുടെ 50 % കഴിച്ച് ബാക്കി തിരിച്ചു ലഭിക്കുന്നതായിരിക്കും. അതിനു ശേഷമുള്ള റദ്ദാക്കലിന് യാതൊരു വിധ റിഫണ്ടും ലഭിക്കുന്നതല്ല.

* യാത്രികർ അവരവരുടെ ഫോട്ടോ സഹിതമുള്ള തിരിച്ചറിയൽ കാർഡുകൾ യാത്രാസമയത്ത് കൈവശം വെക്കേണ്ടതാണ്.

* റോഡ് തടസം, മാർഗ്ഗങ്ങൾ തിരിച്ചുവിടൽ, ട്രെയിൻ- വിമാനം തുടങ്ങിയവയുടെ താമസിച്ചുള്ള വരവ് , സമരങ്ങൾ പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയ കാരണങ്ങളാൽ യാത്രക്ക് തടസങ്ങൾ നേരിടുകയാണെങ്കിൽ യാത്രക്കായി അടച്ച തുക തിരിച്ചു ലഭിക്കുകയില്ല.

* ഹിമാലയ യാത്രയിൽ തണുപ്പിന് ഇടുന്നതിനുള്ള രോമ നിർമ്മിതമായ സ്വെറ്റർ, സോക്സ് , രോമ നിർമ്മിത തൊപ്പി കയ്യുറകൾ കാലുറകൾ എന്നിവ കരുതേണ്ടതാണ്.

* കമ്പനി ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**Our Account Details:**

PAYEE NAME: VIVEKANANDA TRAVELS PLTD
BANK NAME : ICICI BANK
A/C NO : 075505000205
BRANCH : GURUVAYOOR , WEST NADA
IFC CODE :ICIC 0000755
SWIFT CODE: ICICINBBXXX

## ഭുവനേശ്വർ

--------------

ക്ഷേത്രങ്ങളുടെ നഗരിയാണ് സംസ്ഥാനത്തിലെ ഭുവനേശ്വർ......
സാഗർ തടാകത്തിനു ചുറ്റും കലിംഗ വാസ്തു ശിൽപ്പ വൈദഗ്ദ്യം
വഴിഞ്ഞൊഴുകുന്ന ഒരുപാട് ക്ഷേത്രങ്ങൾ തലയുയർത്തി നിൽക്കുന്ന ഭുവനേശ്വർ
കാണുമ്പോൾ നമുക്കാദ്യം തോന്നുക ഒരു യോഗീ വര്യന്റെ പ്രൗഢ ശാന്തതയാണ്.
ദേശീയ ഗാനത്തിലെ ദ്രാവിഡ-ഉത്കല-വംഗാ എന്ന വരിയിലെ ഉത്കല
തന്നെയാണ് ഒറീസയും പിന്നീട് ഒഡീഷയും ആയി മാറിയത്. മഗധയിലെ അശോക
ചക്രവർത്തി ഇവിടം ആക്രമിച്ച് കീഴടക്കുമ്പോൾ ഈ പ്രദേശത്തിന്റെ പേര് 'കലിംഗ'
എന്നായിരുന്നു.

കലിംഗയിലെ മഹാസാഗര വിജയത്തിന് ശേഷമാണ് ധീരനും പരാക്രമിയുമായ
അശോകൻ അംബരം പോലെ പ്രശാന്തനും അഗ്നി പോലെ പ്രശാന്തനുമായ
ബുദ്ധദേവനിൽ അഭയം തിരഞ്ഞെടുത്തത്.
അക്കാലത്ത് തന്നെ ഒദ്ര പ്രദേശം എന്നൊരു പേരു കൂടി
ഒഡീസയ്ക്കുണ്ടായിരുന്നു. ത്രിലോക നാഥ പ്രതിഷ്ഠയുള്ള ലിംഗ രാജ ക്ഷേത്രം.
അത്യാകർഷകമായ ശിൽപ്പ വേലകളാൽ സമൃദ്ധമായ മുക്തേശ്വര ക്ഷേത്രം, റാം
മന്ദിർ, ബ്രഹ്മേശ്വർ ക്ഷേത്രം, രാജാറാണി ക്ഷേത്രം, അനന്ത വാസു ക്ഷേത്രം തുടങ്ങി
ഒരുപാട് പുരാതന ക്ഷേത്രങ്ങൾ കൊണ്ട് പ്രൗഢമാണ് ക്ഷേത്ര നഗരിയായ
ഭുവനേശ്വർ. ഭുവനേശ്വറിലെ ക്ഷേത്രങ്ങൾ മിക്കതും ആയിരത്തി അഞ്ഞൂറു
വർഷങ്ങൾക്ക് മേൽ പഴക്കമുള്ളതാണ്... ഭാരത വർഷത്തിന്റെ അഭിമാനമാണ്
ഇപ്പോഴും നില നിൽക്കുന്ന ഈ പ്രാചിന ക്ഷേത്ര സംസ്കൃതി!
ബിന്ദു സാഗർ തടാകമാണ് ഭുവനേശ്വറിലേക്ക് തീർത്ഥാടക സഞ്ചാരികളെ
ആകർഷിക്കുന്ന മറ്റൊരു സുന്ദര ഘടകം, ഭാരതത്തിലെ പവിത്രമായ
ആറുകളിലേയും, നദികളേയും ജലം ഈ പുണ്യ തടാകത്തിൽ
സംഗമിക്കുന്നുവെന്നാണ് വിശ്വാസം, ബിന്ദു സാഗർ തടാതത്തിലെ ജലം വിശുദ്ധ
ഗംഗാജലം പോലെ പാപനാശിനിയാണെന്ന് ഭക്തർ കരുതുന്നു. ഭക്തിയുടെ
പ്രൗഢിയും ശിൽപ്പകലയുടെ സൗകുമാര്യവും പൂവിന് സുഗന്ധമെന്ന പോലെ
യോജിക്കുന്ന സുന്ദര ദേശമാണ് ഭുവനേശ്വർ.

## കൊണാർക്ക്

-----------

ഒരു ഭാരതീയന്റെ നിത്യ പ്രാർത്ഥനയിൽ ഒരിക്കലും ഒരിക്കലും ഒഴിവാക്കാൻ പറ്റാത്ത
ഒന്നാണ് സൂര്യ ഗായത്രി. പ്രപഞ്ചത്തിന് പ്രകാശവും ഐശ്വര്യവും
വൃക്ഷലതാധികൾക്ക് ജീവന്റെ അമൃതം നൽകുന്ന സു സ്നേഹ മൂർത്തിയായ
സൂര്യജേവനെ നന്ദിപൂർവ്വം പ്രാർത്ഥിച്ചു കൊണ്ടാണ് സനാതന ഭാരതത്തിൽ
ഒരാളുടെ ദിവസം ആരംഭിച്ചിരിക്കുന്നത്. പാശ്ചാത്യർ സൂര്യനെ ഒരു വലിയ നക്ഷത്രം
മാത്രമായി കാണുമ്പോൾ ഭാരതീയർക്ക് സൂര്യൻ ദേവനാണ്. ഭാരതീയ യാഗ
യജ്ഞങ്ങളിൽ സൂര്യൻ ഹവിസ് പോലും അർപ്പിക്കപ്പെടുന്നുണ്ട്, എല്ലാ പ്രകൃതി-
പ്രപഞ്ച ശക്തികളിലും എന്തിന് നിസാര ജീവികളിൽ പോലും പരമമായ ഈശ്വര
ചൈതന്യത്തെ ദർശിച്ച് വണങ്ങുന്ന ഭാരതീയ ആരാധനാ പാരമ്പര്യം നമുക്ക്
സമ്മാനിച്ച ഒരു നിധിയാണ് കൊണാർക്കിലെ സൂര്യക്ഷേത്രം. ഇന്നത്തെ ഒഡീഷാ
സംസ്ഥാനത്ത് പുരിയിൽ നിന്നും 30 കിലോ മീറ്റർ തെക്കാണ് പ്രസിദ്ധമായ
കൊണാർക്ക് വാസ്തു ശാസ്ത്രവും, ജ്യോതി ശാസ്ത്രവും ഒന്നു പോലെ
സംഗമിക്കുന്ന അത്ഭുത കാഴ്ച്ചയാണ് കൊണാർക്ക്. പ്രഭാതത്തിലും മധ്യാഹ്നത്തിലും
സായാഹ്നത്തിലും സായാഹ്നത്തിലും സുര്യ രശ്മി നേരിട്ട് പതിക്കും വിധമാണ്
ഇവിടെയുള്ള മൂന്ന് സൂര്യദേവ വിഗ്രഹങ്ങളും സ്ഥാപിച്ചിട്ടുള്ളത്.
ശക്തരായ ഏഴ് കുതിരകൾ വലിക്കുന്ന രഥത്തിന്റെ ആകൃതിയിലാണ് ക്ഷേത്രം
രൂപ കൽപ്പന ചെയ്തിട്ടുള്ളത്. കൊത്തു പണികൾ നിറഞ്ഞ രണ്ട് ഡസൻ
കൽചക്രങ്ങൾ ഈ പ്രാചീന ക്ഷേത്രത്തിന്റെ പ്രത്യേകതകളാണ്. പന്ത്രണ്ടാം
നൂറ്റാണ്ടിന്റെ അന്ത്യത്തിൽ നിർമ്മിക്കപ്പെട്ട സൂര്യക്ഷേത്രം വലിയ കേടുപാടുകൾ
കൂടാതെ സംരക്ഷിക്കപ്പെടുന്നുണ്ട്. യുനെസ്കോയുടെ വേൾഡ് ഹെറിറ്റേജ്
സൈറ്റാണ് കൊണാർക്ക് സൂര്യക്ഷേത്രം. മറ്റുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന
സുസ്നേഹ മൂർത്തിയായ സൂര്യ പ്രതിമയ്ക്ക് മുന്നിൽ നിന്ന് അഞ്ജലീ ബന്ധരായ്
സൂര്യദേവനോട് നമുക്കും പ്രാർത്ഥിക്കാം...

“ഓം ശാന്തായ രൗദ്രായ
ഘോരയ സൗമ്യായ
കാന്തിമതാം കാന്തി രൂപായതേ നമഃ”

## കൽക്കത്ത അഥവാ കാളീഘട്ട്

-----------------------------------

സംസ്കാരവും ചരിത്രവും അക്ഷരപ്പെടുമയും ഒന്നിക്കുന്ന ഹൂഗ്ലീ നദീതീരത്തെ ഈ പുരാതന നഗരത്തിന് കാളീഘട്ട് എന്നും പിന്നീട് കൽക്കത്ത എന്നുമായിരുന്നു പേര്, പേരുമാറ്റലിന്റെ വസന്തകാലത്തിൽ ഇന്നത് കൊൽക്കത്തയായിരുക്കുന്നു. എങ്കിലും.............

ഇത് കാളീഘട്ടാണ് തന്നെയാണ് ശ്രീകണ്ഠാർദ്ദ ശരീരിണിയായ, അക്ഷമാലാ ധരയായ ചെമ്പരത്തികണ്ണുകളും രുധിരമിറ്റുന്ന ജിഹ്വായുള്ള സാക്ഷാൽ കാളീദേവിയുടെ ഇടം................

ഭാരതീയ ആത്മീയ ജ്യോതിസായിരുന്ന ഒരു മഹാസാധകൻ, മറ്റൊരു ദിവ്യ ശിഷ്യനെ തിരിച്ചറിഞ്ഞത് ഈ മണ്ണിൽ വച്ചാണ്.....

മഹാനായ ഗുരുനാഥനും മഹാ മനീഷിയായ ശിഷ്യനും......

ശ്രീരാമകൃഷ്ണ പരമഹംസരും സ്വാമി വിവേകാനന്ദനും.... ശ്രീരാമകൃഷ്ണ പരമഹംസർ.......

നമ്മെ പോലുള്ള കേവല മനുഷ്യർക്ക് ചിന്തിക്കാൻ പോലുമാവാത്ത ഔന്നത്യത്തിലേക്ക് എത്തിച്ചേർന്ന മഹാ ഭക്തൻ......

മഹാകാളിയുടെ ദർശനത്തിൽ സർവ്വം മറന്ന് നൃത്തം ചെയ്തിരുന്ന ഭക്തനായ ഉന്മാദി, കാളീഘട്ടത്തിലെ മഹാകാളി പരമഹംസ ദേവന് പെറ്റമ്മ തന്നെ ആയിരുന്നു.....

സകലതിലും ദേവീ രൂപ ചൈതന്യം ദർശിക്കാൻ കഴിഞ്ഞിരുന്ന പരമഹംസ ഭവത്പാദർ നല്ല പാതിയായ ശാരദാ ദേവിയിൽ പോലും ദർശിച്ചത് കാളീ സ്വരൂപമായിരുന്നു.....

ഭക്തിയുടെ ഉന്മാദമറിഞ്ഞ ആ മഹാ മനുഷ്യന്റെ മണ്ണിലാണ് നാമിപ്പോൾ.....

ഒരിക്കൽ നരേന്ദ്രനാഥ് ദത്ത എന്ന ആത്മാന്വേഷി ഈശ്വരനെ അന്വേഷിച്ച് മഹാ പണ്ഡിതന്മാരെ സമീപിച്ചു.

വേദാനുവും മീമാംസകളും വേദ മന്ത്രങ്ങളും ഉദ്ദരിച്ച് അവരെല്ലാം നരേന്ദ്രന് ദൈവത്തെ വ്യാഖ്യാനിച്ചെങ്കിലും കണ്ണിൽ അന്വേഷണത്തിന്റെ തീപ്പൊരികൾ ഒളുപ്പിച്ചു വച്ച ആ യുവാവിന് തൃപ്തിയായില്ല,

ഒടുവിൽ................

ആദി കാളീക്ഷേത്രത്തിലെ ദേവീ വിഗ്രഹത്തിനു മുന്നിൽ കുഞ്ഞിനെ പോലെ കരയുകയും ഭ്രാന്തനെപ്പോലെ നൃത്തം വെക്കുകയും ചെയ്തിരുന്ന അക്ഷരജ്ഞാനമില്ലാത്ത ‘പാഗൽ സാധു’ ഒരുത്തരം കൊണ്ട് നരേന്ദ്രന്റെ എല്ലാ ചോദ്യങ്ങൾക്കും നിവൃത്തി വരുത്തി, ശ്രീരാമ കൃഷ്ണ പരമഹേസരായിരുന്നു അത്.... ദീർഘ ദണ്ഢ നമസ്ക്കാരം നിർലജ്ജൗ ഗുരു സന്നിധിം എന്നുരുവിട്ട് നരേന്ദ്രനാഥ് ദത്ത ആ യുഗപ്പുരുഷനെ സാഷ്ടാംഗം നമസ്ക്കരിച്ചു. പിന്നീടാ ശിഷ്യൻ വളർന്നു, വിവേകത്തിന്റെ പരമാനന്ദ സ്വരൂപമായ സ്വാമി വിവേകാനന്ദനായി. ലോകം ആ പാദങ്ങളിൽ സാഷ്ടാംഗം വീണു നമസ്കരിച്ചു.

കൊൽക്കത്തയുടെ പ്രാചീന നാമത്തിനു നിദാനം ആദി കാളീ ക്ഷേത്രമാണ്.......

ആദി കാളിക്ഷേത്രം ശക്തി പീഠങ്ങളിലൊന്നാണ്. കണ്ടാൽ കൊതി തീരാത്ത സുന്ദര രൂപമാണ് ഘോരയെങ്കിലും ഇവിടുത്തെ കാളീ മാതാവിന്.വാരണാസ്യം വിശാലാക്ഷി,വംഗേഷു സുന്ദരീദേവി എന്ന് ത്രിപുരാ രഹസ്യ മാഹാത്മ്യത്തിൽ ആചാര്യന്മാർ പറയുന്നു. ഇവിടെ സതീദദേവിയുടെ വലതു കാലിലെ നാലു വിരലുകൾ വീണു എന്നാണു വിശ്വാസം.....

കൊൽക്കത്ത പറഞ്ഞാലും കണ്ടാലും തീരാത്ത നഗരമാണ്..... ഹൂഗ്ലീ എന്ന ഗംഗാതീരത്തെ വംഗ നാട്ടിന്റെ വിശേഷങ്ങളിൽ ലോകമറിയുന്ന ഒരുപാട് മുഖങ്ങൾ തെളിഞ്ഞു വരും.

ചായക്കൂട്ടുകൾ കൊണ്ട് ഇന്ദ്രജാലം തീർത്ത അബനീന്ദ്രനാഥ ടാഗോറും നന്ദലാൽ ബോസും, അക്ഷരത്തിന്റെ അമൃതമഴ പെയ്യിച്ച രബീന്ദ്രനാഥ ടാഗോറും, ബങ്കിം ചന്ദ്ര ചാറ്റർജിയും വിഭൂതിഭൂഷൺ ചാതോ പാദ്ധ്യയയും സിനിമ എന്ന മാധ്യമം കേവലം നിഴൽ ചിത്രങ്ങളല്ല എന്ന് ലോകത്തെ ഓർപ്പിച്ച സത്യജിത്ത് റേയും ഋതിക് ഘട്ടകും,

മണികൗളും ..... ചുളിഞ്ഞ തൊലിയും ദൈവത്തിന്റെ ഹൃദയവുമുള്ള മദർ തെരേസയും .....
എല്ലാം കൊൽക്കത്തയുടെ പുണ്യം!
ഇനി
കൊൽകൊത്താ കാഴ്ച്ചകളാവാം.....

## ബേലൂർ മഠം
----------
ഇനി ശബ്ദങ്ങളരുത്........
കാരണം നമ്മൾ ബേലൂർ മഠത്തിലേക്ക് പ്രവേശിക്കുകയാണ്......
ധ്യാനത്തിന്റെ ഭൂമികയാണ് ബേലൂർ
ശ്രീരാമകൃഷ്ണ പരമഹംസരുടേയും സ്വാമി വിവേകാനന്ദന്റേയും ആത്മാക്കൾ ധ്യാനലീലരായിരിക്കുന്ന ബേലൂർ മഠം. ആ മഹാധ്യാനത്തിന് ഭംഗം വരാതിരിക്കാനെന്ന വണ്ണം പാദസര കിലുക്കം പോലും കേൾപ്പിക്കാതെ ഒഴുകുന്ന ഹൂഗ്ളി എന്ന വംഗ ഗംഗ.
പ്രചണ്ഢത എന്ന വാക്ക് മറന്നു കളഞ്ഞ ഇളം കാറ്റ്....
അതെ.....
ഇത് ധ്യാനികളുടെ ഇടമാണ്......

പുറം കാഴ്ച്ചകൾക്കു നേരെ മിഴികളടച്ച് സ്വന്തമുള്ളിലെ പ്രഭാ വെളിച്ചത്തെ ഉൾക്കണ്ണിനാൽ തിരയുന്ന വിവേകാനന്ദ ശിഷ്യന്മാരുടെ ബേലൂർ മഠം....
പൂവിതൾ പൊഴിഞ്ഞു വീണാൽ പോലും മഹാ ശബ്ദമായി തോന്നുന്ന ഹാളിൽ ചില്ലിട്ടു വച്ചിരിക്കുന്ന ശ്രീരാമ കൃഷ്ണ പരമഹംസരുടെ ഛായാ ചിത്രവും, 1902 ജനുവരി നാലാം തീയ്യതി മുതൽ തന്റെ നഷ്ടത്തെയോർത്ത് ആരും കാണാതെ വിതുമ്പുന്ന ഒരു മുറിയുണ്ടിവിടെ,
സ്വാമി വിവേകാനന്ദന്റെ മുറി,
ആ മുറിയിലിരുന്നാണ് സ്വാമികൾ തന്റെ ജ്വലിക്കുന്ന പേന കൊണ്ട് ലോകത്തിന് അക്ഷരങ്ങൾ നൽകിയത്...
ഒടുവിൽ ഈ പഴഞ്ചൻ കട്ടിലിൽ കിടന്നാണ് അദ്ദേഹം ഒരിക്കലുമുണരാത്ത ഉറക്കത്തിലേക്ക് തെന്നിയിറങ്ങിയത്, ഈ മുറിയിലിരുന്ന് എത്ര തവണ നിലാവിൽ കുളിച്ചു നിൽക്കുന്ന ഗംഗാ നദിയെ സ്വാമിജി കണ്ടു നിന്നിട്ടുണ്ടാവും?
അല്ല!!!
ഇപ്പോഴുമിവിടെ വിവേകാനന്ദനുണ്ട്.
മഠ സമുച്ചയത്തിന്റെ ഭാഗമായ ഈ നീണ്ട പാതയിലൂടെ നടക്കുക.....
മനോഹരമായി കെട്ടിയുയർത്തിയ, മരങ്ങളാൽ അലംകൃതമായ ഈ പാത അവസാനിക്ുന്നത് വിവേകാനന്ദന്റെ സമാധി മണ്ഢപത്തിലാണ്.
ഇവിടെയാണ് ആ മഹായോഗിയുടെ ശരീരം അഗ്നി തൃക്കൈയ്യേറ്റിയത്, സർവ്വ സംഗ പരിത്യാഗികളായ സന്യാസിമാർ പോലും പൊട്ടിക്കരഞ്ഞത്......
"ഉണരുക എഴുന്നേൽക്കുക" എന്ന് ഭാരതത്തോട് കൽപ്പിച്ച വിവേകാനന്ദനെ കാഷായധാരിയായ സിംഹരാജൻ ഉണരാതെ കിടക്കുന്ന കാഴ്ച്ച കണ്ട് പ്രകൃതി പോലും നിശബ്ദരായതിന് സാക്ഷിയാണ് ഈ ബേലൂർമഠവും ഈ ഗംഗാനദിയും............
അരുത് യാത്രികരേ... മിഴി നനയരുത്!
കരയുവാനല്ല, പ്രതിബന്ധങ്ങളെ തച്ചുടച്ച് ഉറച്ച കാൽവെപ്പുകളോടെ നടന്നു നീങ്ങാനാണ് സ്വാമിജി പറഞ്ഞത്
വരിക........... നമുക്ക് നടക്കാം.......... മുന്നോട്ട്

## ലിംഗരാജ ക്ഷേത്രം
------------------------------
ക്ഷേത്ര നഗരിയായ ഭുവനേശ്വറിന്റെ നെറ്റിയിലെ ചന്ദനക്കുറിയാണ് ലിംഗരാജ ക്ഷേത്രം. പ്രാചീന കാലത്ത് കലിംഗയിലെ ഭുവനേശ്വരിൽ ഏഴായിരത്തോളം ക്ഷേത്രങ്ങളുണ്ടായിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിലും അധിനിവേശത്തിന്റെ അസഹിഷ്ണുതയിലും പെട്ട് അവയെല്ലാം മണ്ണടിഞ്ഞു. എങ്കിലും ഇപ്പോഴും അഞ്ഞൂറോളം ക്ഷേത്രങ്ങൾ ഭുവനേശ്വറിലുണ്ട്.
എ.ഡി ആയിരത്തി ഒരുന്നൂറ്റി പതിനാലാം ആണ്ടിലാണ് ഈ മഹാക്ഷേത്രം നിർമ്മിക്കപ്പെട്ടത് എന്ന് കരുതപ്പെടുന്നു.

ഒറീസാ(കലിംഗ) വാസ്തു ശിൽപ ഭംഗി നിറഞ്ഞു നിൽക്കുന്ന ക്ഷേത്രവും ക്ഷേത്ര ഗോപുരവും കാണുമ്പോൾ കല്ലുളിയാൽ കവിത രചിക്കുന്ന ശിൽപികളെ നാം നമിച്ചു പോകും. നൂറ്റി മുപ്പതടി ഉയരമുണ്ട് ക്ഷേത്ര ഗോപുരത്തിന്............ ക്ഷേത്ര ഗോപുരത്തിന്റെ ഓരോ ഇഞ്ചിലും ശിൽപഭംഗി തുളുമ്പി നിൽക്കുന്നു.

ശൈവ വൈഷ്ണവ ചൈതന്യം നിറഞ്ഞതാണ് ലിംഗ രാജ ക്ഷേത്രം. പ്രധാന ഉപാസനാ മൂർത്തി ശിവനാണെങ്കിലും വിഷ്ണുവിനും ഇവിടെ അർച്ചന പതിവുണ്ട്. പൂജയ്ക്ക് കൂവളത്തിനോടൊപ്പം തുളസീദലങ്ങളും ഉപയോഗിക്കാറുണ്ട് ഇവിടെ.

## നന്ദൻകാനൻ സുവോളജിക്കൽ പാർക്ക് (ഒറീസ)

-----------------------------------------------

ഒഡീഷാ സംസ്ഥാനത്തെ ഭുവനേശ്വറിലാണ് സഞ്ചാരികൾക്ക് കാഴ്ച്ചയുടെ വന്യശോഭ പകർന്നു നൽകുന്ന നന്ദൻ കാനൻ സുവോളജിക്കൽ പാർക്ക്. നാനൂറ് ഹെക്ടറിലധികെ (990 ഏക്കർ) വ്യാപിച്ചു കിടക്കുന്ന നന്ദൻ കാനനിലൂടെയുള്ള യാത്രക്കിടയിൽ വന്യ മൃഗങ്ങളെ കണ്ടു മുട്ടാം. അപൂർവ്വ വൃക്ഷങ്ങളെ ശാസ്ത്രീയമായി പരിപാലിക്കുന്ന നന്ദൻ കാനൻ 'നന്ദനോദ്യാനം' എന്ന ഓമനപ്പേരിന് എന്തു കൊണ്ടും അർഹമാണ്. ദൈവത്തിന്റെ പൂന്തോട്ടം(Garden of god) എന്നൊരു വിളിപ്പേരു കൂടിയുണ്ട് നന്ദൻ കാനൻ സുവോളജിക്കൽ പാർക്കിന്. പണ്ട് ഈ വനത്തിലുണ്ടായിരുന്ന നന്ദനെന്നും കണ്ണനെന്നും പേരുള്ള രണ്ടു പുലികളുടെ സ്മരണയ്ക്കാണ് ഈ കാനനത്തിന് നന്ദൻ കാനൻ എന്ന പേരു വന്നത് എന്നും അഭിപ്രായമുണ്ട്.

നന്ദൻ കാനൻ എന്ന ദൈവീക വാടിയിൽ അതിഥികളായി പൂമ്പാറ്റകളും എത്താറുണ്ട്. മനോഹരമായ കുഞ്ഞു ചിറകുകൾ വീശി മലർ മധു നുകരുന്ന ആ സൗന്ദര്യ ധാമങ്ങളെ എത്ര കണ്ടാലാണ് മതിയാവുക?

നന്ദൻ കാനനത്തിന്റെ ഭാഗമാണ് സുന്ദരിയായ കാഞ്ചിയ തടാകം.

ഈ സുന്ദര വനത്തിലൊരുക്കിയിരിക്കുന്ന വന്യ ജീവി സമ്പന്നമായ മൃഗശാല ഇന്ത്യയിലെ ആദ്യ മൃഗശാലയാണ്.

പൂമ്പാറ്റകളും മൃഗങ്ങളും മാത്രമല്ല വിവിധതരം ശുദ്ധജല മത്സ്യങ്ങളും നമ്മുടെ കണ്ണിന് കുളിർമ്മ പകരും.....

മരങ്ങളും മൃഗങ്ങളും വർണ്ണച്ചിറകുള്ള പൂമ്പാറ്റകളും ഓർക്കിഡ് പൂക്കളുടെ വർണ്ണ പ്രപഞ്ചവും നിറഞ്ഞ ഈ സ്വർഗ്ഗീയ ഉദ്യാനത്തിൽ നിന്നും മടങ്ങാൻ നമ്മെ കണ്ണുകളും മനസും അനുവദിക്കില്ല......... അത്ര സുന്ദരമാണ് ദൈവത്തിന്റെ ഈ പൂന്തോട്ടം.

## ഉദയ്ഗിരി

------------------

ഭുവനേശ്വരിൽ നിന്നും 90 കിലോ മീറ്റർ അകലെയാണ് ഉദയഗിരി. ബുദ്ധമത തത്വങ്ങൾ ഒരു കാലത്ത് ആഴത്തിൽ വേരോടിയ മണ്ണാണിത്. പുരാതന കാലത്ത് ഉദയഗിരിയുടെ പേര് മാധവപുര മഹാ വിഹാരം എന്നായിരുന്നുവത്രേ.....

ഉദയഗിരിയിലെ ഗുഹകളിലാണ് ബുദ്ധമത ജ്ഞാന തപസ്വികൾ ആത്മാവിന്റെ വെളിച്ചമന്വേഷിച്ച് ധ്യാനിച്ചിരുന്നത്. ഏഴാം നൂറ്റാണ്ടിന്റെയും പന്ത്രണ്ടാം നൂറ്റാണ്ടിന്റേയും ഇടയിൽ ഉദയഗിരി എന്ന ശാന്തപ്രദേശത്ത് മുഴങ്ങിയത് ശാന്തിദായകമായ ശരണത്രയങ്ങളാണ്.

ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യാ ഇവിടെ നടത്തിയ ഉദ്ഖനനങ്ങളിൽ ബുദ്ധമതത്തിന്റെ പ്രൗഢ കാലഘട്ടത്തിന്റെ ചരിത്ര തിരുവവശേഷിപ്പുകൾ പലതും കണ്ടെത്തിയിട്ടുണ്ട്.

ബുദ്ധ വചനങ്ങൾ പാലി ഭാഷയിൽ കൊത്തി വച്ച സ്തൂപങ്ങളും ടെവക്കോട്ട ശിൽപങ്ങളുമെല്ലാം അതിൽപ്പെടും. ഉദയഗിരി നമ്മിൽ വളർത്തുക ഒരന്വേഷകനെയാണ് ചരിത്രാന്വേഷകനെ

## പുരി ജഗന്നാഥക്ഷേത്രം(ഒറീസ)

--------------

ഒറീസ സംസ്ഥാനത്തിലെ സമുദ്ര തീര നഗരിയായ പുരി സ്ഥിതികാരകനായ ശ്രീ മഹാവിഷ്ണുവിന്റെ ചൈതന്യം നിറഞ്ഞ് തുളുമ്പുന്ന പുണ്യ സ്ഥലമാണ്.

നാലു യുഗങ്ങളിലെ നാല് ധാമങ്ങളിലൊന്നാണ് പുരി. കൃത യുഗത്തിലെ പ്രധാന ധാമം ബദരീ നാഥും, ത്രേതാ യുഗത്തിൽ രാമേശ്വരവും ദ്വാപര യുഗത്തിൽ ദ്വാരകയും കലിയുഗത്തിൽ ജഗനാഥ് പുരിയുമാണ് ആ ധാമങ്ങൾ. കലിയുഗത്തിൽ മോക്ഷപ്രാപ്തിക്കായി പുരി ജഗനാഥന്റെ ദർശനം മാത്രം മതിയത്രേ.

ശ്രീ മഹാവിഷ്ണുവിന്റ നാല് ആയുധങ്ങളുടെ പേരിലുള്ള നാല് ക്ഷേത്രങ്ങളിലൊന്നാണിത്. പുരി ക്ഷേത്രം ശംഖക്ഷേത്രം എന്നറിയപ്പെടുന്നു.............. കൂടാതെ സപ്തക്ഷേത്രങ്ങളിൽ പുരുഷോത്തമ ക്ഷേത്രമാണിത്.

മറ്റ് ക്ഷേത്ര വിഗ്രഹങ്ങളിൽ നിന്നും വ്യത്യസ്മായി ദാരു വിഗ്രഹമാണ് പുരിയിലെ പ്രതിഷ്ഠ. പുരിയിലെ ആദി വിഗ്രഹം നിർമ്മിച്ചത് സാക്ഷാൽ വിശ്വകർമ്മായിരുന്നുവത്രേ....

ഒരുപാട് ഐതിഹ്യങ്ങളുണ്ട് പുരി ജഗന്നാഥക്ഷേത്രത്തെ സംബന്ധിച്ച്. നൂറു കണക്കിന് ഭക്തന്മാർ ക്ഷേത്രാംഗണത്തിൽ കൈകൾ മേൽപ്പോട്ടുയർത്തി ഗീതാ ഗോവിന്ദമാല ജപിക്കുന്ന കാഴ്ച്ചമതി മനസിൽ ഭക്തിയുടെ പൂമഴ പെയ്യാൻ. എല്ലാ വർഷവും നടക്കാറുള്ള രഥോത്സവം ലോക പ്രശസ്തമാണ്.

## പുരി ശങ്കരാചാര്യ മഠം(ഒറീസ)

--------------------------

കലിയുഗ മോക്ഷ പ്രദായകമായ പുരി നഗരിയിലെ മറ്റൊരു പുണ്യ സാകേതമാണ് ശ്രീ ശങ്കരാചാര്യരാൽ സ്ഥാപിക്കപ്പെട്ട ശങ്കരാചാര്യ മഠം.

അദ്വൈത ദർശനം ഭാരതം മുഴുവൻ പ്രചരിപ്പിക്കുന്നതിൽ വ്യാപൃതനായിരുന്ന ആചാര്യ സ്വാമികൾ ശാങ്കര പ്രചരണത്തിന് സ്ഥാപിച്ച പുരിയിലെ മഠം ഏതൊരു ഭാരതീയനും കണ്ടിരിക്കേണ്ട ഒന്നാണ്.

കേവലം മുപ്പത്തിരണ്ട് വയസു വരെ മാത്രം നീണ്ട തന്റെ ദീപ്ത ജീവിതത്തിനിടയ്ക്ക് തന്റെ യശസ് ലോകം മുഴുവൻ പടർത്തിയ ആചാര്യ സ്വാമികളെ നമുക്ക് സ്മരിക്കാം.

ശങ്കരാചാര്യനാൽ സ്ഥാപിതമായ ചതുർ മഠങ്ങളിലൊന്നിവിടമാണ്.

## പുരി

----------

പുരി പുണ്യ നഗരിയാണ്, പുരിയെ പുണ്യ നഗരിയാക്കുന്നത് ജഗനാഥനായ മഹാവിഷ്ണുവും , പുരിയിലെ ജഗനാഥക്ഷേത്രം വിശ്വത്തരവുമാണ്. മഹാവിഷ്ണുവിന്റെ പ്രസന്ന വദന ദർശന സൗകുമാര്യം നേടാൻ ഭക്തർ നദീ പോലെ പുരിയിലേക്ക് ഒഴുകി എത്തുന്നു. പുരി ജഗനാഥക്ഷേത്രം ഒരു മഹാക്ഷേത്രമാണ്. കേരളത്തിലെ മഹാക്ഷേത്ര നിർമ്മാണ രീതികളുമായി താരതമ്യം ചെയ്യുമ്പോൾ പുരി ശ്രീ ജഗനാഥ ക്ഷേത്രം അത്ഭുതം കൂറുന്ന മിഴികളോടെ മാത്രമേ യാത്രികന് ദർശിക്കാനാവൂ......
ക്ഷത്രത്തിന്റെ ചുറ്റുമതിലിന്റെ ഉയരം ഇരുപത് അടിയാണ്.. ക്ഷേത്ര ഗോപുരത്തിന്റെ ഉയരം 200 അടിയിലേറെ വരും. ഉത്തംഗമായ ക്ഷേത്ര ധ്വജ സ്തംഭത്തിൽ വിഷ്ണു വാഹനമായ ഗരുഢ പ്രതിഷ്ഠ തലയുയർത്തി നിൽക്കുന്ന കാഴ്ചയിൽ തന്നെ ശുക്ലാംബര ധരം ശശി വർണ്ണം ചതുർഭുജം എന്നു തുടങ്ങുന്ന മഹാവിഷണു സ്തുതി നാമറിയാതെ നമ്മുടെ ചുണ്ടിലെത്തും. പ്രവേശന കവാടത്തിലെ ഗരുഢപ്രതിമയ്ക്ക് കാവൽ നിൽക്കുന്നത് രണ്ട് സിംഹ പ്രതിമകളാണ്, ഈ മാർഗ്ഗത്തിൽ സിംഹ് മാർഗ് അഥവാ ലയൺ ഗേറ്റ് എന്നാണ് പേര്.
ജഗനാഥനായ ശ്രീ മഹാവിഷ്ണുവിനെ കൂടാതെ കൃഷ്ണ സോദരനായ ബലരാമൻ, സഹോദരി സുഭദ്ര എന്നിവരുടെ വിഗ്രഹങ്ങളും ഇവിടെയുണ്ട്. ഭഗവാൻ കൃഷ്ണൻ ഗോകുലത്തിൽ നിന്ന് മഥുരയ്ക്ക് യാത്ര ചെയ്തതിന്റെ അനുസ്മരണമായി ഈ വിഗ്രഹങ്ങളെയെല്ലാം വഹിച്ച് കൊണ്ടുള്ള രഥയാത്രയാണ് പുരിയെ ജനസാഗരമാക്കുന്നത്.

പുരി ബീച്ചാണ് പുരി നഗരത്തിന്റെ മറ്റൊരാകർഷണം. പഞ്ചാരമണൽത്തരികൾ നിറഞ്ഞ കടലോരം ശരിക്കും പാലാഴിയെ. പാലാഴിവാസനായ ശ്രീ മഹാവിഷ്ണു പള്ളികൊള്ളുന്ന പുരി നഗരത്തിലെ കടലോരത്തിന് പാലാഴിയോടല്ലാതെ എന്തിനോടാണ് സാദൃശ്യപ്പെടുത്തേണ്ടത്?

## ദക്ഷിണേശ്വരം

------------------------
പ്രസിദ്ധമായ ദക്ഷിണേശ്വരം ക്ഷേത്രം!
ഇന്ത്യൻ-പാശ്ചാത്യ ശിൽപ്പ സൗകുമാര്യം പീലി വിരിച്ചാടുന്നണേശ്വരം ക്ഷേത്ര നിർമ്മിതിത്തു പിന്നിൽ ഒരു അനുഭവ സാക്ഷ്യമുണ്ട്...............

1855-ൽ ധനികയായ റാണി രാസമണി എന്ന ഭക്ത പണിയിച്ചതാണ് ദക്ഷിണേശ്വരം  എന്ന ഈ മഹാക്ഷേത്രം.കാശീ ദർശനം രാസമണിയുടെ വലിയ മോഹമായിരുന്നത്രേ............ സമ്പന്നയായിരുന്നുവെങ്കിലും ശാരീരക അവശതകൾ അലട്ടിയിരുന്ന ആ ഭക്തക്ക് കാശിയാത്ര അത്ര എളുപ്പമായിരുന്നില്ല.
ഒരു ദിവസം......

ഗംഗാ തീരത്ത് ഒരു കാളിക്ഷേമുണ്ടാക്കി പ്രതിഷ്ഠ ചെയ്യുവാൻ അവർക്ക് സ്വപ്ന ദർശനമുണ്ടായത്രേ, സ്വപ്ന ദർശന പൂർത്തീകരണത്തിനായി കൽക്കത്ത സുപ്രീം കോടതിയിലെ വക്കീലായിരുന്ന ഹേസ്റ്റിയിൽ നിന്ന് 1847 ൽ രസനാമണി ഇരുപതേക്കർ സ്ഥലം വാങ്ങി ഈ ക്ഷേത്രം പണിതു. എട്ടു വർഷം കൊണ്ടാണ് ഈ ക്ഷേത്ര നിർമ്മാണം പൂർത്തിയായത്.

റാണി രസനാമണി ദക്ഷിണേശ്വര ക്ഷേത്ര നിർമ്മാണത്തിലൂടെ ഭാരതത്തിന് മറ്റൊരു വിലപ്പെട്ട സംഭാവന നൽകി.അത് ശ്രീ രാമകൃഷ്ണ പരമഹംസരാണ്. ദക്ഷിണേശ്വര ക്ഷേത്രത്തിലെ കാളിയാണ് ശ്രീരമ കൃഷ്ണന്റെ ഉപാസന മൂർത്തി, ഈ ക്ഷേത്രത്തന്റെ പടിഞ്ഞാറ് ഭാഗത്തുള്ള കൊച്ചു മുറിയിലാണ് ശ്രീരാമകൃഷ്ണ പരമ ഹംസർ ശാരദാ ദേവിയോടൊപ്പം താമസിച്ചത്, അവിടെ വച്ച് തന്നെയാണ് സ്വാമി വിവേകാനന്ദൻ തന്റെ ഗുരുവിനെ കണ്ടെത്തിയതും..... ഈ മഹാക്ഷേത്രത്തിലെ കാളീ സന്നിധിയിൽ എത്തും മുമ്പ് ശ്രീരാമ കൃഷ്ണ പരമഹംസർ ഗദാധർ ആയിരുന്നു. വിദ്യാഭ്യാസം സിദ്ധിക്കാത്ത എപ്പോഴും ഉൾവലിയുന്ന പ്രകൃതമുള്ള ഗദാധർ എന്ന സാധാരണ ബംഗാളി ബാലൻ...
ഒരിക്കൽ.....
കുമാർ പുക്കൂർ ഗ്രാമത്തിലെ വയലിൽ വച്ച് ആകാശത്ത് പറന്നു പോകുന്ന കൊക്കിൻ കൂട്ടങ്ങളെ കണ്ട് ആ ബാലന്റെ ശരീരത്തിലൂടെ ഒരു വൈദ്യുത പ്രവാഹം പോലെ എന്തോ ഒന്ന് പാഞ്ഞു പോയി....
അത് ആന്തരിക വൈദ്യുതാലിംഗനമായിരുന്നു.

പിന്നീടൊരു നാൾ ദക്ഷിമേശ്വം ക്ഷേത്രത്തിൽ പൂജാരിയായി നിയമിതനായ ജ്യേഷ്ഠൻ രാമകുമാരന്റെയൊപ്പം കാളി മാതാവിന്റെ വിളി കേട്ടിട്ടെന്ന പോലെ ഗധാധരൻ എത്തുന്നത്.... പിന്നീട് ഈ ക്ഷേത്രം ഗധാധരന്റെ ഭാഗമായി.

ഏതോ ഭാവദർശനങ്ങളിലലിഞ്ഞ് ഗധാധരൻ ഈ ക്ഷേത്രത്തിലും ഗംഗാ തീരത്തും അലഞ്ഞു നടന്നു. അതിനിടെ പല തവണ ആന്തരിക വൈദ്യുത വിസ്ഫോടനത്തിന്റെ നവനവാനുഭവങ്ങൾ ഗധാധരൻ അനുഭവിച്ചു കൊണ്ടിരുന്നു. ഭക്തിയുടെ ഉന്മാദങ്ങൾക്കൊടുവിൽ കുണ്ഡലിനീ നാഡീ സഹസ്യാര പത്മത്തിലെത്തിയ പരമഹംസ പദം നേദി ഗധാധർ ശ്രീരാമ കൃഷ്ണ പരമഹംസരായി.

നമ്മളിന്നു കണ്ടു തൊഴുന്ന ഈ വിഗ്രഹത്തിനു മുന്നിലിടുന്നാണ് ശ്രീരാമകൃഷ്ണ പരമഹംസർ ദേവീ ഉപാസന ചെയ്തിരുന്നത്. ദേവീ വിഗ്രഹത്തിന്റെ ഇടത് ഭാഗത്ത് ഒരു വെൺചാമര വിശറി കാണാം, അത് കൊണ്ടാണത്രേ മറ്റുള്ളവർ വിഗ്രഹ രൂപത്തിലും പരമഹംസ ഭവത് പാദർ യഥാർത്ഥ രൂപത്തിലും കണ്ടിരുന്ന ത്രൈലോക നായകിയായ ശ്രീ മഹാദേവിയെ അദ്ദേഹം വീശീകൊടുത്തിരുന്നത്.

നിഷ്കാമ കർമ്മിയായ ആ ഈശ്വര തുല്യൻ തന്റെ ജീവിതം ചിലവഴിച്ച ഈ ദക്ഷിണേശ്വര മുറ്റത്ത് നിൽക്കുമ്പോൾ അദ്ദേഹത്തിന്റെ മഹാ ശിഷ്യനായ വിവേകാനന്ദൻ തന്റെ ഗുരുവിനെക്കുറിച്ച് രചിച്ച മന്ത്രം മനസിൽ നിറയും...............

"സ്ഥാപകയായ ച ധർമ്മസ്യ
സർവ്വധർമ്മ സ്വരൂപിണ്യേ
അവതാര വരിഷ്ഠായ
രാമകൃഷ്ണായതേ നമ:"

## <u>കൊൽക്കത്ത ഭൂഗർഭ റെയിൽവേ</u>

------------------------------------------

റെയിൽ പാളങ്ങളിലൂടെ ചൂളം വിളിച്ച് പായുന്ന ട്രെയിനിന് വഴിയൊഴിഞ്ഞു കൊടുത്ത് അടച്ചിട്ട റെയിൽവേ ക്രോസിനു സമീപം അക്ഷമയോടെയുള്ള കാത്തിരിപ്പ് കൊൽക്കത്ത വാസികൾക്ക് പഴങ്കഥ. കാരണം കൊൽക്കത്ത മെട്രോ സർവ്വീസുകൾ നടക്കുന്നത് ഭൂമിക്കടിയിലൂടെയാണ്. ഇന്ത്യയിലെ തന്നെ ആദ്യ ഭൂഗർഭ റെയിൽവേ

ആണിത്. പ്രതിദിനം അഞ്ച് ലക്ഷത്തിലധികം ആൾക്കാർ ഈ ഭൂഗർഭ റെയിൽവേ സംവിധാനത്തെ ആശ്രയിക്കുന്നു. കൊൽക്കത്ത നഗരത്തിന്റെ തിരക്കിന് ഒരു പരിധി വരെ പരിഹാരം കാണുന്നത് ഈ ഭൂഗർഭ റെയിൽ പാതയാണ്.

## ഹൗറാ പാലം

-----------------------

വംഗ ഗംഗയെന്നു പുകൾപെറ്റ ഹൂഗ്ലീ നദിക്കു കുറുകെയുള്ള ഹൗറാ പാലമാണിത്. ലോക സിനിമയിലെ മാന്ത്രികൻ സത്യജിത്ത് റായ്ക്ക് പ്രിയങ്കരമായിരുന്നു ഹൗറാ പാലത്തിൽ നിന്നുള്ള നദിക്കാഴ്ച്ചകൾ. ഹൗറാ പാലത്തിന്റെ ഔദ്യോഗിക നാമം രബീന്ദ്ര സേതു എന്നാണ്, ദേശീയ ഗാനം രചിച്ച വിശ്വ മഹാകവി രബിന്ദ്രനാഥ ടാഗോറിനുള്ള ഭാരതത്തിന്റെ സ്മരണാഞ്ചലി.

സംസ്കാരത്തിന്റെ ഈറ്റില്ലമായ കൊൽക്കത്തയേയും ഹൗറാ നഗരത്തേയും കൂട്ടിയിണക്കുന്ന ഈ തൂക്കുപാലം എഞ്ചിനീയർമാരുടെ സാങ്കേതിക വിദ്യയ്ക്ക് മകുടോദാഹരണമാണ്.

ഹൂഗ്ലീ നദിയിലൂടെ വരുന്ന കപ്പലുകൾക്ക് ഇരു വശത്തേക്കും ഉയർന്നു മാറി വഴിയൊരുക്കുന്ന സാങ്കേതിക വിദ്യയോട് കൂടിയ ഈ പാലം ഇന്ത്യയിലാണെന്നത് നമ്മുടെ പ്രൗഢമായ അഹങ്കാരം.

705 മീറ്ററാണ് ഹൗറാ പാലത്തിന്റെ നീളം. 1936 ൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച ഈ പാലത്തിന്റെ നിർമ്മാണം പൂർത്തിയായത് 1942 ലാണ്. ഒരു ദിവസം കുറഞ്ഞത് ഒരു ലക്ഷം വാഹനങ്ങളും ഒരു ലക്ഷത്തി അമ്പതിനായിരം കാൽനടയാത്രക്കാരും ഈ പാലത്തിലൂടെ കടന്നു പോകുന്നു എന്നതാണ് ഔദ്യോഗിക കണക്ക്.

## സയൻസ് സിറ്റി(കൊൽക്കത്ത)

-----------------------

കവിതയും സിനിമയും ആത്മാന്വേഷണവും സംഗീതവും വളർന്ന കാളീഘട്ട് എന്ന കൊൽക്കത്തയിലെ മറ്റൊരു കാഴ്ച്ചയാണ് സയൻസ് സിറ്റി എന്ന ശാസ്ത്ര മ്യൂസിയം. ഭാരതത്തിലെ ഏറ്റവും വലിയ ശാസ്ത്ര സാങ്കേതിക മ്യൂസിയമാണിത്. ശാസ്ത്രത്തിന്റെ അത്ഭുതങ്ങൾ , കുസൃതികൾ എല്ലാം നിറഞ്ഞ ഇവിടെ നിൽക്കുമ്പോൾ നമ്മളൊരു ശാസ്ത്രാന്വേഷണ കുതുകിയും ഒരു കൊച്ചു കുട്ടിയുമാകും. നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയംസിന്റെ കീഴിലാണ് ഇന്ത്യയുടെ അഭിമാനമായ കൊൽക്കത്ത സയൻസ് സിറ്റി.

നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയംസിന്റെ ആദ്യ അദ്ധ്യക്ഷനായിരുന്ന സരോജ് ഘോഷ് 1997-ലാണ് ഈ മഹത് സ്ഥാപനം രാജ്യത്തിന് സമർപ്പിച്ചത്.

ത്രീ-ഡി വിഷൻ തീയറ്ററിലെ ത്രിമാന ചിത്രാത്ഭുതങ്ങളും മിറർ മാജിക് എന്ന പേരിട്ടിട്ടുള്ള കണ്ണാടികളിലെ മായക്കാഴ്ച്ചകളും ശൂന്യാകാശ യാത്രാനുഭവം സഞ്ചാരികൾക്ക് സമ്മാനിക്കുന്ന ടൈം മെഷിനും ഇവിടുത്തെ നവ്യാനുഭവങ്ങളിൽ ചിലതു മാത്രം.

## വിക്ടോറിയ മെമ്മോറിയൽ(കൊൽക്കത്ത)

----------------------------------------

വംഗ ദേശമെന്ന ബംഗാളിലെ ഏറ്റവും വലിയ മാർബിൾ സൗദമാണ് വിക്ടോറിയ മെമ്മോറിയൽ. ബ്രിട്ടീഷ് രാജ്ഞിയായിരുന്ന ക്വീൻ വിക്ടോറിയായുടെ സ്മരണയ്ക്ക് 1921 ലാണ് വിക്ടോറിയ മെമ്മോറിയൽ കൊൽക്കത്തയിൽ സ്ഥാപിതമായത്. ഇന്നിത് ജന ലക്ഷങ്ങളെ ആകർഷിക്കുന്ന വിപുലമായ മ്യൂസിയമാണ്. ഹൂഗ്ലീ നദിയുടെ തീരത്തെ ഈ വെണ്ണക്കൽ സൗധത്തിലേക്ക് ചരിത്രാവശിഷ്ടങ്ങളും പുത്തനറിവുകളും തേടിയെത്തുന്നവരിൽ വിനോദ സഞ്ചാരികൾ മാത്രമല്ല വിജ്ഞാന കുതുകികളായ വിദ്യാർത്ഥികളും അദ്ധ്യാപകരും ചരിത്ര ഗവേഷകരും ഉൾപ്പെടുന്നു.

ബ്രിട്ടീഷ് ചിത്രകലാ പാരമ്പര്യം വിളിച്ചോതുന്ന പെയിന്റിംഗുകൾ, വിവിധ തരം ആയുധങ്ങൾ, അത്ഭുതപ്പെടുത്തുന്ന ശിൽപ്പങ്ങൾ, നാണയങ്ങൾ അങ്ങനെ ഒരുപാടു കാഴ്ച്ചകൾ ഇവിടെ സഞ്ചാരിയെ കാത്തിരിക്കുന്നു.

പോയ കാലത്തെക്കുറിച്ച് നമ്മളോർക്കുക ഇത്തരം കാഴ്ച്ചകളിലൂടെയാണ്.

ഒന്നു തീർച്ച ....

വിക്ടോറിയ മെമ്മോറിയൽ യാത്രികരെ നിരാശരാക്കില്ല. കാരണം കാഴ്ച്ചകളുടെ നിധി കുംഭമാണത്.

# ഇനിയും സ്ഥലങ്ങൾ ചേർക്കണം

## , ഡൗളഗിരി,

**Kilo Meeter And Timing Chart**

| From | Destination | KM | Running Time |
|---|---|---|---|
| Cochin | Bhuvaneswar by train | 1924 | 38 hrs |
| Bhuvaneswar | Local sight seeing | 150 | |
| Bhuvaneswar | Konark | 70 | 1.45 |
| Konark | puri | 40 | 1 hrs |
| puri | Chilka lake | 40 | 1 hrs |
| puri | Local sight seeing | 100 | |
| puri | Bhuvaneswar | 65 | 1.30 |
| Bhuvaneswar | Kolkatha by trian | 370 | 9 hrs |
| Kolkatha | Local sight seeing | 100 | |
| Kolkatha | Local sight seeing | 100 | |
| Kolkatha | Cochin by train | 1920 | 40 hrs |
| Total:- | | **4879** | |

**Photo: Bhuvaneswar, konark, puri, chilka lake, kolkatha, beloor mat, dakshineswar, kalighut**